മലയാള മനോരമ
ESTABLISHED 1888
25 September 2017

# മട്ടുപ്പാവിൽ പഴത്തോട്ടം

കൊച്ചി • കീടനാശിനി രഹിത പഴവർഗങ്ങളുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയുമായി എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം (കെവികെ). വീടിന്റെ മട്ടുപ്പാവിൽ പഴത്തോട്ടം ഒരുക്കുന്ന രീതികൾ പൊതുജനങ്ങൾക്കു പരിചയപ്പെടുത്താനും ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകാനുമാണു സിഎംഎഫ്ആർഐയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന കെവികെയുടെ പദ്ധതി. ഇതിന്റെ ഭാഗമായി രണ്ടു ദിവസത്തെ കൃഷി സാങ്കേതിക വിദ്യാ പ്രദർശനവും ഫലവൃക്ഷത്തൈ വിപണന മേളയും നാളെ സിഎംഎഫ്ആർഐയിൽ ആരംഭിക്കും.

വിജയം കൈവരിച്ച ജൈവകർഷകർ മേളയിൽ അനുഭവങ്ങൾ പങ്കുവയ്ക്കും.

മട്ടുപ്പാവിൽ ചട്ടിയിൽ വളർത്തുന്ന ഫലവൃക്ഷങ്ങളുടെ പ്രദർശനമുണ്ടാകും. വേഗം കായ്ക്കുന്നതും ഗുണമേന്മയുള്ളതുമായ ഫലവൃക്ഷങ്ങളുടെ തൈകളും ലഭിക്കും. കൃഷി രീതികൾ പരിചയപ്പെടുത്തുന്ന വിഡിയോ പ്രദർശനം ഒരുക്കിയിട്ടുണ്ട്.